## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1377 03.12.2018 -ൽ മറുപടിക്ക്

## അദ്ധ്യാപകർക്കുള്ള പരിശീലനം

ചോദ്യം

ഉത്തരം

ശ്രീ.എ.പി. അനിൽ കുമാർ

പ്രൊഫ: സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) പുതിയതായി സർവ്വീസിൽ കയറുന്ന എല്ലാ അദ്ധ്യാപകർക്കും പരിശീലനം നിർബന്ധമാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) ഉണ്ട്. അദ്ധ്യാപക വിദ്യാഭ്യാസ കോഴ്സുകൾ പഠിച്ച് വർഷങ്ങൾ കഴിഞ്ഞശേഷമാണ് ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും മറ്റും അദ്ധ്യാപകരായി നിയമിക്കപ്പെടുന്നത്. ഈ കാലയളവിൽ അഭ്യസിച്ച പല കാര്യങ്ങളും അവർ മറന്നിട്ടുണ്ടാവാം. ബോധന ശാസ്ത്രത്തിലും വൈജ്ഞാനിക രംഗത്തും ഉണ്ടാകുന്ന പല നൂതന വികാസങ്ങളും അവർ പഠിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടാതെയും വരാം. അതിനാൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ അദ്ധ്യാപകരെയും ശാസ്ത്രീയമായ പരിശീലനത്തിന് വിധേയരാക്കാൻ എസ്.സി.ഇ.ആർ.ടി.യെയും മറ്റ് അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) ശാസ്ത്രത്തിന്റെയും വിവര സാങ്കേതിക വിദ്യയുടെയും വളർച്ചയ്ക്ക് അനുസരിച്ച് അദ്ധ്യാപകരെ കൂടുതൽ പ്രാപ്തരാക്കുന്നതിന് ഈ പരിശീലനം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) ഉണ്ട്. എസ്.സി.ഇ.ആർ.ടി നേരിട്ടും ഡയറ്റുകളുടെ സഹായത്തോടെയുമാണ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. പരിശീലനമൊഡ്യൂൾ എസ്.സി.ഇ.ആർ.ടി.യാണ് തയ്യാറാക്കുന്നത്. വിദ്യാഭ്യാസശാസ്ത്രം, വിഷയമേഖല, മന:ശാസ്ത്രം എന്നിവ പരിശീലന വിഷയങ്ങളിൽ പ്രധാനപ്പെട്ടവയാണ്. അദ്ധ്യാപകരുടെ അറിവിലും നൈപുണികളിലും മനോഭാവത്തിലും ഗുണപരമായ മാറ്റങ്ങൾ വരുത്താൻ പരിശീലനത്തിലൂടെ കഴിയും. |
| സി) പരിശീലന പരിപാടിയുടെ ഷെഡ്യൂൾ തയ്യാറാക്കുന്നതും അത് നടപ്പിലാക്കുന്നതും ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ? | സി) എസ്.സി.ഇ.ആർ.ടിയാണ് ഷെഡ്യൂൾ തയ്യാറാക്കുന്നത്. ഡയറ്റുകളുടെ സഹായത്തോടെയാണ് പരിശീലനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ